**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പ് - ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധാ)നം.3250/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 28/12/2018**

---

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 12.07.2018 ലെ എ 3/6583/2018 നമ്പർ കത്ത്.

2. 18.11.2018 തിയതിയിലെ സ.ഉ.(സാധാ) നം. 3713/2018/ത.സ്വ.ഭ.വ.

**ഉത്തരവ്**

നഗര ഗ്രാമാസൂത്രണ വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള ടൗൺ പ്ലാനർ തസ്തികയിലെ ആകെ എണ്ണത്തിന്റെ 25% പേർക്ക് റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ സൂചന രണ്ട് പ്രകാരം ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ള 3 ടൗൺ പ്ലാനർമാർക്ക് സീനിയർ ടൗൺ പ്ലാനർമാരായി സ്ഥാനക്കയറ്റം നൽകിയ സാഹചര്യത്തിൽ സീനിയോറിറ്റി പട്ടികയിലെ ക്രമപ്രകാരം ശ്രീ. ആർ. പവിത്രൻ, ശ്രീമതി.വൈ.ഷീബാറാണി, ശ്രീ. കെ വി അബ്ദുൽ മാലിക് എന്നിവർക്ക് റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ഗ്രാമാസൂത്രണ വകുപ്പിൽ ടൗൺ പ്ലാനർ തസ്തികയിലെ അനുവദനീയമായ എണ്ണം 26 ആയതിനാൽ (ആയതിന്റെ 25%) 6 പേർക്ക് ഹയർ ഗ്രേഡ് അനുവദനീയമാണ്. നിലവിൽ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ള 3 ടൗൺ പ്ലാനർമാർക്ക് സീനിയർ ടൗൺ പ്ലാനർമാരായി സ്ഥാനക്കയറ്റം നൽകിയ സാഹചര്യത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ ഹയർ ഗ്രേഡ് അനുവദിക്കുകയാണെങ്കിൽ ടൗൺ പ്ലാനർ തസ്തികയുടെ 25% ത്തിൽ കവിയാൻ പാടില്ലായെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സീനിയോറിറ്റി പട്ടികയിലെ ക്രമപ്രകാരം ശ്രീ.ആർ.പവിത്രൻ, ശ്രീമതി.വൈ.ഷീബാറാണി, ശ്രീ.കെ.വി.അബ്ദുൽ മാലിക് എന്നിവർക്ക് യഥാക്രമം 26.11.2017, 29.11.2017, 04.12.2017 തിയതി പ്രാബല്യത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ (77400-115200) എന്ന സ്കെയിലിൽ റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എസ്. മോഹൻദാസ്**
**അഡിഷണൽ സെക്രട്ടറി**

<u>പകർപ്പ്</u>

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ